**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2611** **17-03-2022 - ൽ മറുപടിയ്ക്ക്**

**മണ്ണിന്റെ റോയൽറ്റിയുടെ 5 ഇരട്ടി തുക പിഴ അടക്കണമെന്ന ചട്ട വ്യവസ്ഥയിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിങ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും പാസ് അനുവദിച്ച് ഒരു വർഷത്തിനകം കെട്ടിടത്തിന്റെ അടിത്തറയുടെ നിർമ്മാണമെങ്കിലും പൂർത്തീകരിക്കാത്ത പക്ഷം നീക്കം ചെയ്ത മണ്ണിന്റെ റോയൽറ്റിയുടെ അഞ്ച് ഇരട്ടി വരുന്ന തുക പിഴയായി അടയ്ക്കണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥയുള്ളതിനാൽ ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നത് 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുവദിക്കുന്ന ബിൽഡിംഗ് പെർമിറ്റ് പ്രകാരം നൽകുന്ന അനുമതികളിലെ വ്യാപക ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബഹു.കേരള ഹൈക്കോടതിയുടെ WP© 29710/2014, WP© 23251/2016 എന്നീ കേസുകളിലെ വിധിന്യായത്തെതുടർന്നാണ് 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14 ഭേദഗതി ചെയ്തത്. ഇതു പ്രകാരമാണ് കെട്ടിട നിർമ്മാണത്തിന്റെ അടിത്തറയെങ്കിലും ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാത്ത പക്ഷം നീക്കം ചെയ്ത ധാതുവിന്റെ റോയൽറ്റിയുടെ അഞ്ച് മടങ്ങ് തുക ഈടാക്കാൻ ചട്ടം 14 (5) പ്രകാരം വ്യവസ്ഥ ചെയ്തത്. |
| (ബി) | കോവിഡ്, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം മണ്ണ് പൂർണ്ണമായും നീക്കം ചെയ്യാൻ സാധിക്കാതെ വന്നാലും പാസ് അനുവദിച്ച തീയതി മുതൽ ഒരു വർഷം കണക്കാക്കി വലിയ പിഴ അടക്കേണ്ടി വരുന്നതിനാൽ ഈ ചട്ട വ്യവസ്ഥയിൽ ഇളവ് വരുത്തി സർക്കുലർ പുറപ്പെടുവിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ബി) | കോവിഡ്, പ്രകൃതി ദുരന്തങ്ങൾ, മറ്റ് ഒഴിച്ച് കൂടാനാവാത്ത സാഹചര്യം എന്നിവ മൂലമാണ് ധാതു നീക്കം സാധിക്കാതെ വന്നത് എന്ന് തെളിയിക്കപ്പെടുന്ന സാഹചര്യത്തിൽ ആയതിന് ഇളവ് കൊടുക്കുന്നതിനുള്ള വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ